ഖുത്വ്ബ
25.8.2007
ബയ്ത്തുന്നൂർ, ഹോളണ്ട്

# പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുന്നതിൽ ചിന്തിക്കുക

أَفَأَمِنَ الَّذِينَ مَكَرُوا السَّيِّئَاتِ أَن يَخْسِفَ اللَّهُ بِهِمُ
الْأَرْضَ أَوْ يَأْتِيَهُمُ الْعَذَابُ مِنْ حَيْثُ لَا يَشْعُرُونَ

ഇക്കാലത്ത് വെറും ഭൗതികതയും സുഖവൃത്തിയും കാരണത്താൽ മനുഷ്യൻ ചില ധാർമ്മികതയിൽ നിന്നും മതാധ്യാപനത്തിൽനിന്നും അല്ലാഹുവിൽനിന്നും അകന്നുകൊണ്ടിരിക്കുകയാണ്. അവൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന സകല വസ്തുക്കളും അനുഗ്രഹങ്ങളും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതാണെന്ന വസ്തുത മനസ്സിലാക്കുന്നവർ നന്നേ കുറച്ചേയുള്ളൂ. സർവ്വസൃഷ്ടികളിലും ഉത്തമൻ മനുഷ്യനായ കാരണത്താൽ അല്ലാഹു അതെല്ലാം അവന് വിധേയമാക്കി കൊടുത്തിരിക്കുകയാണ്. സർവസൃഷ്ടികളിലും ഉത്തമനായ മനുഷ്യന്, അല്ലാഹു നല്കിയിരിക്കുന്ന ബുദ്ധി ഉപയോഗിച്ച് അവൻ പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുകയും തന്റെ സൗകര്യത്തിനും സംരക്ഷണത്തിനുമുള്ള സൗകര്യമൊരുക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ഇക്കാര്യങ്ങളെല്ലാം മനുഷ്യനെ തന്റെ സ്രഷ്ടാവായ അല്ലാഹുവിന്, നന്ദി കാണിക്കുന്നതിനും തന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം മനസ്സിലാക്കുന്നതിനും പ്രേരിപ്പിക്കേണ്ടതാണ്. ആ നന്ദി എന്നുപറയുന്നത് ഏകനായ അല്ലാഹുവിനെ ആരാധിക്കലാണ്. കാരണം മനുഷ്യന് സേവനം ചെയ്യാൻ അവനാണ് ഈ അനുഗ്രഹങ്ങളും എല്ലാ വ്യവസ്ഥിതികളും സൃഷ്ടിച്ചിട്ടുള്ളത്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ, ഈ വസ്തുത മനസ്സിലാക്കുന്നവർ വളരെ കുറവാണ്. എന്നല്ല, ഇത്തരക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇക്കൂട്ടർ ഇതൊന്നും മനസ്സിലാക്കുന്നില്ലെന്നു മാത്രമല്ല, അതിന് കടകവിരുദ്ധം പ്രവർത്തിക്കുകയും ചെയ്യുന്നു. ഭൗതികതയിൽ അവർ എത്രമാത്രം വളർന്നുവെന്നുവെച്ചാൽ, മതവുമായിട്ട് ഒരു ബന്ധവുമില്ലെന്നു മാത്രമല്ല മതത്തെ പരിഹസിക്കുന്നവരായി തീരുകയും ചെയ്തിരിക്കുന്നു. നബിമാരെ അവഹേളിക്കുകയും അല്ലാഹുവിന്റെ അസ്തിത്വം നിഷേധിക്കുകയും ചെയ്യുന്നവർ മാത്രമല്ല അവനെ പരിഹസിക്കുന്ന വിഭാഗക്കാരുമുണ്ട്. അവർ അല്ലാഹുവിനെ നിഷേധിച്ചുകൊണ്ട് ഗ്രന്ഥങ്ങൾ എഴുതുന്നു. ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഗ്രന്ഥങ്ങളിൽ അത് സ്ഥാനം പിടിക്കുന്നു. ഇഷ്ടകൃതികളിൽ അതെണ്ണപ്പെടുന്നു. യൂറോപ്പിലും പാശ്ചാത്യൻനാടുകളിലും അല്ലാഹുവിൽനിന്ന കന്നുകൊണ്ടിരിക്കുന്നവരുടെ എണ്ണം ഏറിയേറി വരികയാണ്. ഈ രീതിയിലൂടെ വ്യർത്ഥമായ ഗ്രന്ഥങ്ങൾ രചിക്കുന്നവർ അത്തരം കൃതികൾ ആരെഴുതിയാലും അതിനെ സ്വാഗതം ചെയ്യുന്നവരാണ്. എന്നല്ല, ഇങ്ങനെ ചെയ്യാൻ ഇക്കൂട്ടർ നിർബന്ധിതരാണ്; കാരണം ഇവർക്ക് ഇവരുടെ മതം മനഃസമാധാനം നല്കുന്നില്ല. എല്ലാത്തിന്റേയും ഉറവിടവും സകലത്തിന്റേയും സ്രഷ്ടാവുമായ ഏകദൈവത്തെ ആരാധിക്കുന്നതിനു പകരം പല ദൈവങ്ങൾക്കും കയറിയിരിക്കാൻ ഇവർ ഇടം നല്കി. അങ്ങനെ ഇവർ അവിടേയും ഇവിടേയും തെറ്റിപ്പോകുകയാണ്. പ്രാർത്ഥനയുടെ തത്ത്വമോ, അത് കാണിക്കുന്ന അത്ഭുതമോ, ജീവനുള്ള ദൈവവുമായിട്ടുള്ള ബന്ധമോ ഒന്നും അവർക്കറിയില്ല. ഇങ്ങനെ വരുമ്പോൾ, ചിന്തിക്കുന്നവരുടെ ബുദ്ധിയിൽ അസ്വസ്ഥതകൾ വളരുക എന്നത് സ്വാഭാവികമാണ്. മതസങ്കല്പം അവർക്കുണ്ട്. പക്ഷേ, അതിൽനിന്നും അവർക്കൊന്നും കിട്ടുന്നില്ല. ഇക്കാരണത്താൽ ഇവർ ഏകദൈവത്തെ മറന്നുപോയി. ഇക്കാര്യമാണ് ഇവരെ മതാധ്യാപനങ്ങളിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നത്. ചിലർ, ദൈവസങ്കല്പംപോലും നിഷേധിക്കുന്നവരായിത്തീർന്നിരിക്കുന്നു. നിഷേധിക്കുക മാത്രമല്ല, അല്ലാഹുവിനെക്കുറിച്ച് പരിഹാസപൂരിതമായ വാക്കുകൾ പ്രയോഗിക്കുകയും ചെയ്യുന്നു. വേറൊരു തരക്കാരുണ്ട്. അവർ ഇസ്ലാമിനോടുള്ള വെറുപ്പും പകയുംകൊണ്ട്, നിത്യവും ഇസ്ലാമിനും, അതിന്റെ സ്ഥാപകരായ മുഹമ്മദ് മുസ്തഫാ(സ)യ്ക്കും ഖുർആനുമെതിരെ പുതിയ പുതിയ രീതിയിൽ ആക്രമണം നടത്താൻ ശ്രമിക്കുന്നവരാണ്. ഖുർആനിക അധ്യാപനങ്ങളുമായോ, നബി (സ) തിരുമേനിയുടെ കർമ്മങ്ങളുമായോ വിദൂരബന്ധം പോലുമില്ലാത്ത കാര്യങ്ങൾ കെട്ടിയുണ്ടാക്കി അവർ പ്രചരിപ്പിക്കുന്നു. മതത്തിൽനിന്ന് അകന്നുകിടക്കുന്നവരും, ദൈവത്തെ വിശ്വസിക്കാത്തവരുമായ ഇത്തരക്കാരും ആദ്യം ഞാൻ പറഞ്ഞ വിഭാഗക്കാരും വിമർശനത്തിനു കുറിമാനമാക്കാൻവേണ്ടി അധികവും ഇസ്ലാമിനേയും മുസ്ലിംകളേയുമാണ് ഉദാഹരണമായിട്ട് എടുത്തുദ്ധരിക്കുന്നത്.

യാഥാർത്ഥ്യമെന്താണെന്നുവെച്ചാൽ, മതത്തിന്റേയും ദൈവത്തിന്റേയും യഥാർത്ഥമായ സങ്കല്പം സമർപ്പിക്കുന്ന ഏതെങ്കിലും അധ്യാപനമുണ്ടെങ്കിൽ

അത് ഇസ്‌ലാം മാത്രമാണെന്ന് ഇക്കൂട്ടർക്ക് നന്നായിട്ടറിയാം. ഇസ്‌ലാമിന്റേയും വിശുദ്ധഖുർആന്റേയും അധ്യാപനമാണ് യഥാർത്ഥ ദൈവത്തെ സമർപ്പിക്കുന്നത്. ഇസ്‌ലാമിനോടും നബി(സ) തിരുമേനിയോടുമുള്ള ചിലരുടെ വെറുപ്പും പകയും കാണുമ്പോൾ, അത്ഭുതം തോന്നുന്നു. ഇക്കാലഘട്ടത്തിൽ പാശ്ചാത്യദേശത്തെ വിദ്യാസമ്പന്നരായ ഇക്കൂട്ടരിൽ, വളരെ പുരോഗമനധാരികളെന്നും സ്വാതന്ത്ര്യത്തിന്റെ ധ്വജവാഹകരെന്നും അവകാശപ്പെടുന്നവരും, മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടുന്നില്ലെന്ന് വാദിക്കുന്നവരുമായ ഇക്കൂട്ടരിൽ, സകല അതിരുകളും ലംഘിച്ചിരിക്കുന്നവരുമുണ്ട്. ഇസ്‌ലാമിനോടുള്ള ശത്രുത ഇവരെ തികച്ചും അന്ധരാക്കിയിരിക്കുകയാണ്.

ഇവിടെ കഴിഞ്ഞദിവസം ഒരു രാഷ്ട്രീയനേതാവ് **ശിൽദ് ബിൽഡർ** ഒരു പ്രസ്താവന ഇറക്കിയിരുന്നു. അയാളുടെ മനസ്സിലുള്ള വെറുപ്പും പകയും അതിലൂടെ മറനീക്കി പുറത്തുവന്നിരിക്കുകയാണ്. അത് നിങ്ങളിൽ പലരും കേട്ടിട്ടുണ്ടാകും. എന്തായാലും ലോകവും അയാളുടെ അവസ്ഥ അറിഞ്ഞോട്ടെ! അയാൾ എഴുതുന്നു: "ആളുകൾ സത്യം സ്വയം മനസ്സിലാക്കണമെന്നാണ് എന്റെ ആഗ്രഹം." (ഇതിൽനിന്ന് വളരെ തന്ത്രപരമായിട്ടാണ് ഇവർ കാര്യങ്ങൾ നീക്കുന്നതെന്ന് മനസ്സിലാക്കാം) പിന്നീട് പറയുന്നു: "ഇക്കാര്യത്തിന്റെ തുടക്കം മുഹമ്മദ്(സ)ൽ നിന്നാണ്. മുസ്‌ലിംകൾ സ്നേഹത്തിന്റെ പുരുഷനായിട്ടാണ് മുഹമ്മദിനെ സമർപ്പിക്കുന്നത്. വാസ്തവത്തിൽ അയാൾ അങ്ങനെയായിരുന്നില്ല. മക്കയിൽ ജീവിച്ചിടത്തോളം അയാളിൽ സ്നേഹമുണ്ടായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ കാലം കഴിയുന്തോറും പ്രത്യേകിച്ച് മദീന ജീവിതകാലത്ത് ഘട്ടം ഘട്ടമായി അക്രമങ്ങളിലേക്ക് ചാഞ്ഞുകൊണ്ടിരുന്നതായിട്ടാണ് കാണുന്നത്" നഊദുബില്ലാഹ്.

പിന്നീട് എഴുതുന്നു: "9-ാമത്തെ അധ്യായത്തിന്റെ 5-ാമത്തെ വചനത്തിൽ എങ്ങനെയാണ് ക്രിസ്ത്യാനികളോടും യഹൂദികളോടും മതപരിത്യാഗികളോടും അക്രമം ചെയ്തിരിക്കുന്നതെന്ന് നിങ്ങൾക്കു കാണാം. മിക്കവചനങ്ങളും പരസ്പരവിരുദ്ധങ്ങളാണ്." പിന്നീട് ബൈബിളിനെ പുകഴ്ത്തിപറഞ്ഞിട്ടുമുണ്ട്. ഞാനിപ്പോൾ അതിനെക്കുറിച്ച് പറയുന്നില്ല. ആ വിഷയം വേറൊന്നാണ്. തുടർന്ന് എഴുതുന്നു. "ഖുർആനിൽ ഭരണവും മതവും തമ്മിൽ വെവ്വേറെ ഭാവനയില്ല. ഇതിനെ നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുകയുമില്ല. മുഹമ്മദ്(സ) നഊദുബില്ലാഹ് അക്രമിയായിരുന്നു. ഖുർആൻതന്നെയും അക്രമത്തെ പ്രോത്സാഹിപ്പിക്കുന്ന മതഗ്രന്ഥമാണ്."

മറ്റൊരു പത്രത്തിൽ എഴുതുന്നു. "ദൈവത്തിനെ ആരാധിക്കുക എന്നു പറയുന്നത് കേട്ട് കേട്ട് ക്ഷമ നശിച്ചിരിക്കുന്നു." പത്രപ്രസ്താവന നടത്തിക്കൊണ്ട് ശിൽദ് ബിൽഡർ ഖുർആൻ കണ്ടുകെട്ടണമെന്ന അഭിപ്രായം മാത്രമല്ല പറഞ്ഞത്. മറിച്ച്, രാഷ്ട്രീയനേതാക്കന്മാരെ, അക്രമികളായ മുസ്‌ലിംകൾക്ക് താമസിക്കാൻ നാട്ടിൽ സ്ഥലം നല്കുന്നുവെന്ന് പറഞ്ഞ് വിമർശിക്കുകയും ചെയ്തിട്ടുണ്ട്. അതായത്, ഒരു ലാത്തികൊണ്ട് എല്ലാവരേയും തെളിക്കുകയാണ് അയാൾ.

അയാൾ പറഞ്ഞു, "ഇസ്‌ലാമിനെക്കൊണ്ട് ഞാൻ സഹികെട്ടിരിക്കുന്നു. ഒരു മുസ്‌ലിമും പലായനം ചെയ്ത് ഇനി ഇവിടെ വരാൻ പാടില്ല. ഹോളണ്ടിൽ, അല്ലാഹുവിന്റെ ആരാധന കേട്ടുകേട്ട് ഞാൻ സഹികെട്ടുപോയിരിക്കുകയാണ്. ഹോളണ്ടിലെ ഖുർആന്റെ ചർച്ചകേട്ട് ക്ഷമയില്ലാതായിരിക്കുന്നു. നഊദുബില്ലാഹ്. ഈ ഫാസിസ്റ്റ് ഗ്രന്ഥം കണ്ടുകെട്ടേണ്ടതാണ്." യഥാർത്ഥത്തിൽ ഫാസിസം ഇയാൾ തന്നെയാണ് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്.

നബി(സ)തിരുമേനിയുടെ മേലാണ് ആദ്യം ആരോപണമുന്നയിച്ചത്. അതായത്, പ്രായംകൂടുന്നതനുസരിച്ച് ആ മഹാത്മാവ് അക്രമത്തിലേക്ക് ചാഞ്ഞുകൊണ്ടിരുന്നുവത്രെ! വെറുപ്പും പകയും വെൽഡറിനെ ശരിക്കും അന്ധനാക്കിയിരിക്കുന്നുവെന്ന് വ്യക്തമാണ്. അത് എത്രമാത്രമെന്നുവെച്ചാൽ, ഖുർആന്റെ ശബ്ദംപോലും അയാൾക്ക് സഹിക്കുന്നില്ല. വിശുദ്ധഖുർആൻ ഇക്കൂട്ടർ പാരായണം ചെയ്യുന്നില്ല എന്നത് വേറെ കാര്യം. ഇവിടുന്നും അവിടുന്നും കേട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് ഇവർ പൊക്കിപ്പറയുന്നത്. ഖുർആൻ ഇവർ എന്തു വായിക്കാനാണ്? ചരിത്രത്തെപ്പോലും ഇവർ ചവിട്ടിമെതിക്കുകയാണ് ചെയ്യുന്നത്. ഇയാളേക്കാൾ എത്രയോ വലിയ അറിവുള്ള ക്രിസ്ത്യാനികൾപോലും ഉന്നയിക്കാത്ത ആരോപണമാണ് ഇയാൾ തേടിപ്പിടിച്ചുന്നയിച്ചിട്ടുള്ളത്. ഇതെല്ലാം എവിടെനിന്ന് തപ്പിയെടുത്തുകൊണ്ടുവന്നുവെന്നറിയില്ല.

'മാഇദ' തിരുനബിയുടെ ഹിജ്റത്തിനുശേഷം അവതരിച്ച അധ്യായമാണ്. എന്നല്ല, നബി(സ)യുടെ അവസാനവർഷമാണ് ഈ അധ്യായം ഇറങ്ങിയതെന്ന് എല്ലാ നിവേദനങ്ങളും വെളിപ്പെടുത്തുന്നു. ഇതിൽ ശത്രുതയേയും അക്രമത്തേയും അവസാനിപ്പിക്കുന്നതിനും നീതി സ്ഥാപിക്കുന്നതിനുമുള്ള എത്ര മനോഹരമായ അധ്യാപനമാണുള്ളത്. ഇയാൾ പറയുന്നത് മദീനയിൽ വരുമ്പോൾ അക്രമപ്രവർത്തനം വർദ്ധിച്ചുവെന്നാണ്. നബി(സ) തിരുമേനിയുടെ ജീവിതത്തിലിറങ്ങിയ അവസാനത്തെ അധ്യായത്തിൽ അല്ലാഹു പറയുന്നു ***ലായജ്രിമന്നക്കും ശനആനു ഖൗമിൻ അലാ അല്ലാതഅ്ദിലൂ ഇഅ്ദിലൂ ഹുവ അഖ്റബു ലിത്തഖ്‌വാ*** ഒരു ജനതയുടേയും ശത്രുത അവരോടു നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതിയോടെ വർത്തിക്കുക. ഇത് തഖ്‌വയോട് ഏറ്റവുമടുത്ത കാര്യമാണ് (5:9).

ഇവരുടെ മതത്തിലോ മറ്റേതെങ്കിലും മതത്തിലോ ഇത്ര മനോഹരമായ ഒരു പാഠമുള്ളതായി ഇയാൾ കാണിക്കട്ടെ. പക്ഷേ, വെറുപ്പും വിദ്വേഷവും അന്ധനാക്കിത്തീർത്തിട്ടുള്ള ഒരു വ്യക്തിക്ക് അടുത്തുള്ളത് കാണാൻ കഴിയുകയില്ല. അന്ധനായവനെ നീ എന്തു വഴികാണിക്കാനാണെന്നും അവർക്കെന്ത് വെളിച്ചം പകരാനാണെന്നും അല്ലാഹുതന്നെ ചോദിച്ചിട്ടുണ്ട്.

പിന്നീട് ഇയാൾ പറയുന്നത് വിശുദ്ധഖുർആൻ തൗബ എന്ന അധ്യായത്തിൽ 5-ാമത്തെ വചനത്തിൽ ക്രിസ്ത്യാനികൾക്കും യഹൂദികൾക്കും മതപരിത്യാഗികൾക്കുമെതിരെ അക്രമം പ്രവർത്തിക്കാൻ കല്പിക്കുന്നുവെന്നാണ്. കണ്ണിൽ കെട്ടിയിരിക്കുന്ന തുണി അഴിച്ചുനീക്കുകയും വിശുദ്ധഖുർആനെ ശുദ്ധമനസ്സോടെ വായിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾക്കുതന്നെ കാര്യം വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഈ വചനത്തിൽ അല്ലാഹു യുദ്ധം ചെയ്യാൻ കല്പിച്ചിട്ടുള്ളത് ഒരു സന്ധിക്കും തയ്യാറാവാതെ നിരന്തരം യുദ്ധത്തിന് വന്നുകൊണ്ടിരിക്കുകയും അരാജകത്വം സൃഷ്ടിക്കുകയും ചെയ്യുന്ന ബഹുദൈവവിശ്വാസികളോടാണ്. ഇസ്‌ലാമിക ഭരണം നിലവിൽ വന്നപ്പോഴുള്ള കല്പനയാണിത്. നിങ്ങളുമായി യുദ്ധം ചെയ്യുന്ന ബഹുദൈവാരാധകരോട് നിങ്ങളും യുദ്ധം ചെയ്യുക എന്നാണ് ആ കല്പന. കാരണം അവർ നിങ്ങൾക്കെതിരിൽ കലഹവും കുഴപ്പവും യുദ്ധത്തിന്റെ അഗ്നിയും ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇക്കൂട്ടർ പറയുന്നതുപോലെ കൊല്ലുക എന്നത് നിർബന്ധമില്ല. അത്തരക്കാരെ തടവിലാക്കാനും ഉപരോധിക്കാനും അവരുടെ പ്രവർത്തനങ്ങൾ വീക്ഷിച്ച് വേണ്ടുന്ന മറ്റു നടപടികൾ സ്വീകരിക്കാനും അങ്ങനെ രാജ്യത്തെ അവരുടെ ഫിത്നയിൽനിന്ന് രക്ഷിക്കാനുമുള്ള ഏതു മാർഗ്ഗവും കൈക്കൊള്ളാവുന്നതാണ്. വെൽഡർ പറയുന്നതുപോലെ ഇത്തരം ഘട്ടങ്ങളിലും ഭരണകൂടങ്ങൾ അവർക്ക് സ്വാതന്ത്ര്യം നല്കുകയും ഓരോരുത്തർക്കും അതിന് അനുവാദം കൊടുക്കുകയും ചെയ്യണമെന്നാണെങ്കിൽ രാഷ്ട്രീയനേതാവെന്ന നിലയിൽ സ്വന്തം നാട്ടിൽ ആദ്യം കുറ്റവാളികൾക്കെല്ലാം പൂർണ്ണസ്വാതന്ത്ര്യം നല്കാനുള്ള നിയമം പാസാക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയാണ് വേണ്ടത്. തോന്നിയതുപോലെ ഓരോരുത്തരും പ്രവർത്തിക്കട്ടെ.

ഏതെങ്കിലും ഒരു മതത്തിൽപ്പെട്ടവർ മാത്രമായിരിക്കില്ല കുറ്റവാളികൾ. എല്ലാ മതങ്ങളിലും കുറ്റവാളികളുണ്ട്. അപ്പോൾ മുസ്‌ലിംകളുടെ പിന്നാലെ മാത്രം കൂടിയിരിക്കുന്നതെന്തിനാണ്? ശാന്തിയോടും സമാധാനത്തോടുംകൂടി രാജ്യത്ത് വസിക്കുകയും രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുകയും ചെയ്യുന്നവരാണ് മുസ്‌ലിംകൾ.

ഇയാളുടെ പ്രസ്താവനയിൽനിന്ന് ഇയാൾ അല്ലാഹുവിരുദ്ധനാണെന്ന് മനസ്സിലാകുന്നു. ഇസ്‌ലാമിന്റെ, എന്നെന്നും ജീവിച്ചിരിക്കുന്നവനും ഏകനുമായ അല്ലാഹുവിന്നെതിരിലാണ് ഇയാളുടെ ആരോപണം. കാരണം, തെളിവുകൾകൊണ്ട് ഓരോരുത്തരുടേയും വായടപ്പിക്കുന്ന മതം ഇതൊന്നുമാത്രമാണെന്ന് ഇയാൾ കാണുന്നുണ്ട്. ഇവരുടെ പക്കലാണെങ്കിൽ ഇതിന്നെതിരിൽ സമർപ്പിക്കാൻ തെളിവുകളൊട്ടില്ലതാനും. അതുകൊണ്ട് രാജ്യത്ത് നിയമം പാസാക്കി അക്രമം ചെയ്യുക മാത്രമേ നിർവാഹമുള്ളൂ. എങ്കിൽ മാത്രമേ ഇവർക്ക് കാര്യം നേടാൻ സാധിക്കുകയുള്ളൂ. പരാജിതരുടെ അടയാളമാണിത്. തങ്ങൾ പരാജയപ്പെട്ടിരിക്കുന്നുവെന്ന് സ്വയം അംഗീകരിക്കുകയാണ് ഇതിലൂടെ ഇവർ ചെയ്യുന്നത്.

ഹോളണ്ടിൽ ഇടയ്ക്കിടെ ഇസ്‌ലാമിന്നെതിരിൽ ചർച്ചകൾ നടക്കാറുണ്ട്. പർദ്ദയെക്കുറിച്ചും ചിലപ്പോൾ മറ്റെന്തെങ്കിലും കാര്യത്തെക്കുറിച്ചും ചർച്ചയുണ്ടാകുന്നു. എന്നാൽ, ഇതുകൊണ്ട് സകല ഡച്ചുകാരും ഇത്തരക്കാരാണെന്ന് മനസ്സിലാക്കരുത്. ഇവരിൽ മാന്യന്മാരും നല്ല നല്ല നേതാക്കന്മാരുമുണ്ട്. വിവിധ ജാതിക്കാരിൽ വളരെ നല്ല മനുഷ്യരുമുണ്ട്. ഇയാൾ നബി(സ)ക്കും ഖുർആനുമെതിരെ ഉന്നയിച്ച വിമർശനങ്ങളോട് അവർ പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്.

മതസ്വാതന്ത്ര്യം നശിപ്പിക്കാൻ താങ്കൾക്കൊരവകാശവുമില്ലെന്ന് വെൽഡറിനെ സംബോധന ചെയ്തുകൊണ്ട് വി.വി.ടിയുടെ പാർലമെന്റംഗം തേബൽ സത്ര പറഞ്ഞു. മറ്റൊരു പാർട്ടിയുടെ നേതാവ് എഴുതിയത്, വെൽഡർ തന്റെ വഴിയിൽനിന്ന് വ്യതിചലിച്ചുപോയെന്നും ഹോളണ്ടിൽ ആർക്കും ഏതു മതവിശ്വാസവും അനുസരിച്ച് ജീവിക്കാമെന്നുമാണ്. പാർലമെന്റംഗമായ മറ്റൊരു രാഷ്ട്രീയനേതാവ്, എല്ലാ ധാർമ്മികതയേയും വെൽഡർ തള്ളിയിരിക്കുന്നുവെന്നും അയാൾക്ക് മറ്റെന്തെങ്കിലും പേരാണ് യോജിച്ചതെന്നും എഴുതിയിരിക്കുന്നു. ഒരു കൗൺസിലംഗം ഇയാൾക്കെതിരെ പോലീസിൽ പരാതി ബോധിപ്പിച്ചിട്ടുണ്ട്. ഒരു സാമൂഹിക പ്രവർത്തകയും ഇയാളുടെ വാദഗതികളെ അപലപിച്ചു. ഇപ്രകാരംതന്നെ ഗ്രന്ഥങ്ങളുടെമേൽ നിയന്ത്രണമേർപ്പെടുത്തുന്നത് യഥാർത്ഥത്തിൽ ഡിക്ടേറ്റർഷിപ്പിന്റെ തുടക്കമാണെന്ന് ഒരാളെഴുതി. ഇവിടുത്തെ കബീനയും വെൽഡേർസിന്റെ പ്രസ്താവനയെ അപലപിക്കുകയും അതിന്നെതിരെ പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. അവർ പ്രസ്താവനയിൽ പറഞ്ഞത് ഇത്തരം പ്രസ്താവനകൾ ഹോളണ്ടിൽ താമസിക്കുന്ന മുസ്‌ലിംകളിൽ ഭൂരിപക്ഷത്തേയും അപമാനിച്ചിരിക്കുകയാണെന്നാണ്. വിദേശകാര്യമന്ത്രിയും ഈ പ്രസ്താവനയെ അപലപിച്ചിരിക്കുന്നു. എന്നല്ല, ഹോളണ്ടിൽ വിശുദ്ധഖുർആന്റെ മേൽ നിയന്ത്രണമേർപ്പെടുത്താൻ ഒരാലോചനയുമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

എന്തായാലും നിരവധി മാന്യന്മാരും ദുഷ്പ്രകൃതക്കാരുമുണ്ടിവിടെ. എതിരാളികളുടെ ആക്ഷേപങ്ങൾക്ക് മറുപടി കൊടുക്കുന്നതോടൊപ്പം ധാർമ്മികതയെ ആദരിക്കുന്ന ഈ മാന്യന്മാരോട് നന്ദി പ്രകടിപ്പിക്കേണ്ടതും ഓരോ അഹ്മദിയുടേയും കടമയാണ്. അവർക്ക് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനവും നീതിയിലധിഷ്ഠിതമായ അല്ലാഹുവിന്റെ സന്ദേശവും എത്തിച്ചുകൊടുക്കേണ്ടതാണ്.

ലോകത്തെല്ലായിടത്തും പ്രശ്നങ്ങളാണ്. അതിന്റെ കാരണങ്ങളെന്താണെന്ന് അവർക്ക് പറഞ്ഞുകൊടുക്കണം. നിങ്ങൾ അല്ലാഹുവിൽനിന്നകന്നുപോകുകായണെന്നും നിങ്ങളെ സൃഷ്ടിച്ച ആ സ്രഷ്ടാവിനെ തിരിച്ചറിയുകയെന്നും അവരോട് പറയണം. പൊതുജനങ്ങൾക്കും ഏകനായ അല്ലാഹുവിന്റെ സന്ദേശം എത്തിച്ചുകൊടുക്കണം. മനഃസമാധാനവും മനഃശാന്തിയും ദുൻയാവിലെ കണ്ണഞ്ചിപ്പിക്കുന്ന വസ്തുക്കളിലൂടെയും തമാശകളിലൂടെയും ലഹരിപദാർത്ഥങ്ങളിലൂടെയും ലഭിക്കുകയില്ലെന്ന് പറഞ്ഞുകൊടുക്കണം. മനഃശാന്തിക്കായി ഇവിടുത്തുകാർ പൊതുവെ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാറുണ്ട്. അതിലെല്ലാത്തരം ലഹരിപദാർത്ഥങ്ങളും പെടുന്നു. അല്ലാഹുവിലേക്കടുക്കുമ്പോഴാണ് സമാധാനം ലഭിക്കുന്നതെന്നും അതുകൊണ്ട് ഏകനും സകലശക്തികളുടേയും ഉടമസ്ഥനുമായ അല്ലാഹുവിനെ തിരിച്ചറിയണമെന്നും അവരോട് പറയുക. അതിരുകടന്ന് പ്രവർത്തിക്കുന്നവരുടേയും മതത്തിൽനിന്ന് വ്യതിചലിക്കുന്നവരുടേയും മതങ്ങളെ, പ്രത്യേകിച്ച്, ഇസ്‌ലാമിനെ നിന്ദിക്കുന്നവരുടേയും പിന്നാലെ പോകരുതെന്ന് ഉപദേശിക്കുക. അല്ലാഹു അതിർലംഘിക്കുന്നവരെ ശിക്ഷിക്കുന്നവനാണ്. അത്തരക്കാരോടും, അവർ അല്ലാഹുവിന്റെ ശിക്ഷയെ ക്ഷണിച്ചുവരുത്തരുതെന്നും അവന്റെ കോപത്തെ ജ്വലിപ്പിക്കരുതെന്നും പറയേണ്ടതാണ്.

ഈയ്യിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭൂകമ്പങ്ങളും പ്രളയങ്ങളുമെല്ലാം അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള മുന്നറിയിപ്പുകളാണ്. അതിർലംഘിക്കുന്നവർ അവന്റെ പിടിയിൽ വരുമെന്നതിന്റെ സൂചനകളാണ്. ലോകത്തിലെ ഒരു രാജ്യവും ഇന്ന് സുരക്ഷിതമല്ല. ഒരു വ്യക്തിയും സുരക്ഷിതനല്ല. ഹോളണ്ടിന്റെ അധികഭാഗവും സമുദ്രം നികത്തി നിർമ്മിച്ചിട്ടുള്ളതാണ്. പ്രളയം, ഉയർന്ന സ്ഥലങ്ങളേയും പർവ്വതങ്ങളേയുംപോലും വിടാറില്ലെന്ന കാര്യം ഓർക്കുക. ഈ സ്ഥലമാണെങ്കിൽ സമനിരപ്പായ സ്ഥലമാണ്. എന്നല്ല, ചില സ്ഥലം സമുദ്രനിരപ്പിൽനിന്ന് താഴ്ന്നതുമാണ്.

1953-ൽ ഇവിടെ വെള്ളപ്പൊക്കമുണ്ടായി. വലിയൊരു സമൂഹം തന്നെ നഷ്ടമനുഭവിച്ചു. ഇതിനുശേഷം ഇവിടുത്തെ സർക്കാർ സുരക്ഷിതത്വത്തിനായി പല പദ്ധതികളും നടപ്പിലാക്കി. നദീമുഖത്ത് ബന്ദുകൾ കെട്ടി തടയുണ്ടാക്കി. ഡാമുകൾ നിർമ്മിച്ചു. ഞാനിത് കാണാൻ പോയിരുന്നു. വളരെ കഠിനതരമായ പ്രയത്നമാണ് അതിന്റെ പിന്നിലുണ്ടായിട്ടുള്ളത്. പക്ഷേ, ലോകത്ത് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന വെള്ളപ്പൊക്കങ്ങളിൽനിന്ന് ഒരു രാജ്യവും സുരക്ഷിതമല്ല. അവിടുത്തെ ഒരു ഗൈഡ് ഞങ്ങളോടൊപ്പമുണ്ടായിരുന്നു. അയാൾ പറഞ്ഞു, ഇതുകൊണ്ട് ഞങ്ങൾ ഹോളണ്ടിനെ സുരക്ഷിതമാക്കിയിരിക്കുകയാണ്. ഞാൻ അയാളോടു പറഞ്ഞു: 'അങ്ങനെ പറയാൻ പാടില്ല. സുരക്ഷിതത്വത്തിന് ചെയ്യാവുന്ന ഉത്തമമായത് ഞങ്ങൾ ചെയ്തിരിക്കുന്നു എന്ന് പറയുക. അല്ലാഹുവാണറിയുന്നത് എപ്പോൾ വരെ ഈ സുരക്ഷിതത്വം നിലനില്ക്കുമെന്ന്.' അത് ശരിയാണെന്ന് അയാൾ പറഞ്ഞു. ഇതിനുശേഷം അയാൾ ഓരോ സ്ഥലങ്ങളും വിശദീകരിച്ചുകൊണ്ടിരുന്നു. ഓരോ വാക്കുകളോടുമൊപ്പം ഇത് തങ്ങളുടെ പരിശ്രമമാണെന്ന് എടുത്തെടുത്ത് പറഞ്ഞുകൊണ്ടിരുന്നു. അത്തരം വെള്ളപ്പൊക്കം ഇരുന്നൂറു വർഷത്തിലൊരിക്കലാണ് അവിടെ ഉണ്ടാകാറുള്ളത്. പക്ഷേ, എപ്പോൾ വെള്ളപ്പൊക്കമുണ്ടാകുമെന്നും എത്രത്തോളം സുരക്ഷിതരായിരിക്കുമെന്നുമൊക്കെ അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. എന്തായാലും ഞാൻ അയാളുമായി സംസാരിക്കുന്നതിനിടയിൽ കുറഞ്ഞത് നാലുപ്രാവശ്യമെങ്കിലും അല്ലാഹുവിന്റെ ദിവ്യത്വം അയാൾ സമ്മതിച്ചു. അല്ലാഹു സുരക്ഷിതനാക്കിയെങ്കിൽ മാത്രമേ തങ്ങൾക്ക് സുരക്ഷിതരായിരിക്കാൻ കഴിയുകയുള്ളൂവെന്ന് പറഞ്ഞു.

ഇങ്ങനെ മനസ്സിലാക്കിക്കൊടുത്താൽ ദൈവസങ്കല്പത്തിലേക്ക് ക്ഷണത്തിൽ വരുന്ന ആളുകളും ഇവിടെയുണ്ട്. ആപത്തിൽ വീഴുമ്പോൾ തന്റെ പേരാണ് അവർ വിളിച്ചുപ്രാർത്ഥിക്കുന്നതെന്നും മറ്റൊരു ദൈവത്തേയും അപ്പോൾ അവർ ഓർക്കാറില്ലെന്നും അല്ലാഹു പറയുന്നു.

പിന്നീട് രജിസ്റ്ററിൽ അഭിപ്രായമെഴുതാൻ അയാൾ പറഞ്ഞു. ഞാനതിൽ എഴുതി. "കഠിനമായ മനുഷ്യപ്രയത്നമാണ് ഇതിന്റെ പിന്നിൽ. പരിശ്രമത്തിന്റെ അടിസ്ഥാനത്തിൽ ശക്തമായ ആസൂത്രണത്തോടെ ഇത് ചെയ്തിരിക്കുന്നു. രാജ്യത്തെ രക്ഷിക്കുന്നതിനുവേണ്ടി എഞ്ചിനിയർമാർ നിർമ്മിച്ചതാണിത്. പക്ഷേ, എപ്പോഴും ഓർമ്മിക്കേണ്ട കാര്യമുണ്ട്. യഥാർത്ഥ പദ്ധതി അല്ലാഹുവിന്റേതാണ്. സുരക്ഷിതമായിരിക്കാൻ അല്ലാഹുവിനെ എപ്പോഴും സ്മരിച്ചുകൊണ്ടിരിക്കണം.

എന്തായാലും ഇക്കാലത്ത് ലോകം ഏതൊരു ഭൗതികതയിലാണോ വീണുകിടക്കുന്നത് അതിന് പാശ്ചാത്യരെന്നോ പൗരസ്ത്യരെന്നോ ഉള്ള വ്യത്യാസമൊന്നുമില്ല. അതിൽ എല്ലാവരും ഭാഗഭാക്കാണ്. അവർ അല്ലാഹുവിനെ മറന്നിരിക്കുകയാണ്. ചിലർ അല്ലാഹുവിന്റെ രോഷത്തെ ജ്വലിപ്പിക്കുന്ന രീതിയിൽ അതിർകടന്നിരിക്കുന്നു. അവനെ മറന്നുപോയെന്നു മാത്രമല്ല വ്യർത്ഥമായ കാര്യങ്ങൾ അവനെക്കുറിച്ച് പറയുകയും ചെയ്യു

ന്നു. ഇതെല്ലാം അല്ലാഹുവിന്റെ ശിക്ഷയെ ക്ഷണിച്ചുവരുത്തുന്നതാണ്. ലോകത്തിലെ ഓരോ രാജ്യത്തും ന്യായപൂർത്തി വരുത്തുന്നതിനുവേണ്ടി അരമുറുക്കി രംഗത്തിറങ്ങേണ്ടത് ഇന്ന് ഓരോ അഹ്മദിയുടേയും കടമയാണ്. ഇസ്‌ലാമിന്റെ ശരിയായ ചിത്രം ലോകത്തിന് കാണിച്ചുകൊടുക്കുക. ക്രിസ്ത്യാനികൾക്കും യഹൂദികൾക്കും നിർമ്മതക്കാർക്കും അടയാളങ്ങളെല്ലാം കണ്ടിട്ടും മസീഹ് മൗഊദ്(അ)നെ നിഷേധിക്കുന്ന മുസ്‌ലിംകൾക്കും അത് കാണിച്ചുകൊടുക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഞാൻ വന്നിട്ടില്ലായിരുന്നെങ്കിൽ ഈ ശിക്ഷയിൽ അല്പം താമസമുണ്ടാകുമായിരുന്നു. ഞാൻ വന്നതോടുകൂടി ദീർഘകാലമായി മറഞ്ഞുകിടന്നിരുന്ന അല്ലാഹുവിന്റെ കോപമിറങ്ങുക എന്ന തീരുമാനം വെളിപ്പെട്ടു. കഴിഞ്ഞ നൂറുവർഷം പരിശോധിച്ചുനോക്കുക. ഭൂകമ്പങ്ങളുടേയും ആകാശത്തുനിന്നുള്ള വിപത്തുകളുടേയും എണ്ണം നോക്കുമ്പോൾ അതിനു മുമ്പേയുള്ള പതിനൊന്ന് നൂറ്റാണ്ടുകളിൽ അതിന് തുല്യത കാണുകയില്ല.

ഈ വർഷം ഒരുപാട് ഭൂകമ്പങ്ങളും വെള്ളപ്പൊക്കങ്ങളുമുണ്ടായി. ലോകത്ത് വലിയ വലിയ നാശങ്ങൾ വന്നു. മനുഷ്യൻ അല്ലാഹുവിനെ തിരിച്ചറിയുക എന്ന മുന്നറിയിപ്പാണ് ഇതിന്റെ പിന്നിലുള്ളത്. ഓരോ അഹ്മദിയും തങ്ങളുടെ മനസ്സ് പരിശുദ്ധമാക്കുന്നതോടൊപ്പം ഈ വിപത്തിൽനിന്ന് രക്ഷപ്പെടാനുള്ള ഒരേയൊരു വഴി ഏകനായ അല്ലാഹുവിനെ തിരിച്ചറിയുകയും അവന്റെ ഇഷ്ടദാസരെ പരിഹസിക്കാതിരിക്കുകയും ചെയ്യുക എന്നതാണെന്ന് ഓരോരുത്തർക്കും പറഞ്ഞുകൊടുക്കേണ്ട സമയമാണിത്. ഈ കുറച്ചു മാസങ്ങൾക്കുള്ളിൽ മുഴുലോകത്തുമുണ്ടായ വിപത്തുകളെ ഞാനൊന്ന് വിലയിരുത്തുകയുണ്ടായി. ലോകത്തിന്റെ എല്ലാ ഭാഗവും ഒരുപോലെ ഏതെങ്കിലും വിപത്തിന്റെ പിടിയിൽ വരുന്നത് ഇതാദ്യമാണ്. എല്ലാ സ്ഥലങ്ങളിലും വിപത്തുകൾ ഇറങ്ങിക്കൊണ്ടിരിക്കുന്നു. ഇനിയും ദൈവത്തെ തിരിച്ചറിയാൻ സമയമുണ്ടെന്ന് ലോകരോട് വിളിച്ചുപറയുക.

ചെറിയതോതിലുള്ള വിപത്തുകൾ വലിയ തോതിലുമുണ്ടാകാവുന്നതാണ്. അതിനാൽ, ഓരോ അഹ്മദിയും മുമ്പത്തേക്കാളേറെ ലോകത്തിന് സന്ദേശമെത്തിക്കുന്നവരായി തീരേണ്ടതാണ്. ചില സംഭവങ്ങൾ ഞാൻ ശേഖരിച്ചിട്ടുണ്ട്. അത് പൂർണ്ണമാണോ അല്ലേ എന്ന് എനിക്കറിയില്ല. പക്ഷേ, ഇതനുസരിച്ച് ഫെബ്രുവരിയിൽ ഇന്തോനേഷ്യയിൽ വെള്ളപ്പൊക്കമുണ്ടായി. മൂന്നുലക്ഷത്തി നാല്പതിനായിരം ആളുകളാണ് ഭവനരഹിതരായത്. ഭൂകമ്പമാപിനിയിൽ 6.4, 6.3 കാണിച്ച ശക്തമായ ഭൂകമ്പമായിരുന്നു അത്. ഇന്തോനേഷ്യയിലെ സുമാത്രയിൽ മണിക്കൂറുകൾ ഇടവിട്ടിടവിട്ട് ഭൂകമ്പങ്ങളുണ്ടായി. സോളമൻ ദ്വീപുകളിൽ ഭൂകമ്പമാപിനിയിൽ 8.1 രേഖപ്പെടുത്തിയ അതിശക്തമായ ഭൂകമ്പമാണുണ്ടായത്. ആയിരക്കണക്കിനാളുകൾ ഭവനരഹിതരായി. അതുപോലെ തന്നെ കറാച്ചിയിലുണ്ടായ വെള്ളപ്പൊക്കത്തിലും ആയിരക്കണക്കിന് ആളുകൾ ഭവനരഹിതരായി. ധാരാളം പേർ മരിച്ചു. ബുലൂചിസ്ഥാനിലെ 25,000ഓളം ആളുകളെ ഇത് ബാധിച്ചുവെന്നാണ് കണക്ക്. 80,000 വീടുകളാണ് നശിച്ചത്. ആറായിരം ഗ്രാമങ്ങൾ പാടെ തകർന്നു. ജൂൺമാസത്തിൽ ബുലൂചിസ്ഥാനിൽ വീണ്ടും വെള്ളപൊക്കം നാശം വിതച്ചു. അതേമാസം ബംഗ്ലാദേശിൽ കൊടുങ്കാറ്റിൽ ധാരാളം നാശങ്ങളുണ്ടായി. ജൂലൈ മാസത്തിൽ ഇന്ത്യയിൽ വെള്ളപ്പൊക്കമുണ്ടായി. ആയിടതന്നെ യുകെയിലും വെള്ളപ്പൊക്കമുണ്ടായി. യു.കെയെ അത് വെള്ളത്തിലാഴ്ത്തിക്കളഞ്ഞു. അതിനു മുമ്പേ ജർമ്മനി തുടങ്ങിയ സ്ഥലങ്ങളിൽ കൊടുങ്കാറ്റടിച്ചു. ഇവിടേയും അത് ബാധിച്ചിരുന്നു. പാക്കിസ്ഥാനിൽ മിന്നലേറ്റ് വൻനാശമുണ്ടായി. 6.8 കാണിച്ച ഭൂകമ്പമാണ് ജപ്പാനിലുണ്ടായത്. ആഗസ്റ്റിൽ അമേരിക്കയിൽ കൊടുങ്കാറ്റടിച്ചു. ധാരാളം കെട്ടിടങ്ങൾ തകർന്ന് വൻനാശങ്ങളുണ്ടായി. ചൈനയിലുണ്ടായ വെള്ളപ്പൊക്കത്തിൽ പാലം തകർന്ന് നാശമുണ്ടായി. വടക്കൻ കൊറിയയിൽ കനത്ത പേമാരിയും വെള്ളപ്പൊക്കവും ഒരുപാട് നാശങ്ങൾ വിതച്ചു. ഇന്ത്യയിൽ വീണ്ടും വെള്ളപ്പൊക്കമുണ്ടായി. തേഗുവിലുണ്ടായ ഭൂകമ്പം വൻനാശമാണ് വിതച്ചത്. ഈയടുത്ത് പാക്കിസ്ഥാനിൽ വീണ്ടും വെള്ളപ്പൊക്കമുണ്ടായി. ആസ്ത്രേലിയായിലുണ്ടായ വെള്ളപ്പൊക്കത്തിൽ നാശങ്ങൾക്ക് കണക്കില്ല. ആഫ്രിക്കയിലെ ബുർക്കിനാ ഫാസോയിൽ കനത്ത മഴ രണ്ട് ലക്ഷത്തോളം ആളുകളെ ദുരിതത്തിലാഴ്ത്തി. ഹവായിയിൽ ഭൂകമ്പവും വെള്ളപൊക്കവും ഉണ്ടായി. ഹവായിയിൽ ഭൂകമ്പത്തിന് സാധ്യത വളരെ കുറവാണ്. അറേബ്യൻകടലിൽ കൊടുങ്കാറ്റടിച്ചു. സാധാരണ മറ്റു സമുദ്രത്തിലുണ്ടാകുന്ന കൊടുങ്കാറ്റാണ് ഇപ്രാവശ്യം ഇവിടെ ആഞ്ഞുവീശിയത്. അറേബ്യൻ കടലിൽ ഇതുവരെ ഇത്തരം കൊടുങ്കാറ്റുണ്ടായിട്ടില്ല. ഇത് കരയിൽ വീശുന്ന ചുഴലികൊടുങ്കാറ്റായിരുന്നു. ആൽബാവയിൽ വെള്ളപ്പൊക്കമുണ്ടായി. ആദ്യം ചെറിയ മുന്നറിയിപ്പ് കിട്ടിയിരുന്നു. അതനുസരിച്ച് അവർ വലിയ തയ്യാറെടുപ്പും നടത്തിയിരുന്നു. പക്ഷേ, ഒന്നും പ്രയോജനപ്പെട്ടില്ല. ജനങ്ങൾ അഭയം പ്രാപിച്ച ഒരു ഹൈസ്കൂൾ കെട്ടിടം നിലംപതിച്ചു. അവർ മറ്റൊരിടത്ത് അഭയം തേടി. ആ കെട്ടിടവും തകർന്നു. ഇങ്ങനെയൊരുപാട് കെട്ടിടങ്ങൾ അവിടെ തകരുകയുണ്ടായി. തെക്കനാഫ്രിക്കയിൽ ഉണ്ടായത് വൻവെള്ളപ്പൊക്കമായിരുന്നു.

ഇതെല്ലാം വിളിച്ചോതുന്നത് അല്ലാഹുവിന്റെ വിധി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നാണ്. ഇതെല്ലാം ഏകദൈവത്തെ തിരിച്ചറിയാനും അതിര് കടക്കാതിരിക്കാനും മനുഷ്യനെ ഉണർത്തുകയാണ്. നബിമാരേയും അല്ലാഹുവിനേയും നിന്ദിക്കാതിരിക്കുക. ഞാനോതിയ വചനത്തിലും അല്ലാഹു പറയുന്നത് ഇതാണ്.

കുതന്ത്രങ്ങൾ പ്രയോഗിക്കുന്നവരെ അല്ലാഹു ഭൂമിയിൽ ആഴ്ത്തിക്കളയുകയില്ലെന്നോ അതല്ല അവര റിയാത്ത ഭാഗത്തുകൂടി അവർക്ക് (മറ്റുവല്ല) ശിക്ഷയും വരികയില്ലെന്നോ അവർ വിചാരിച്ച് നിർഭയ രായിരിക്കുകയാണോ? (16:46)

കുതന്ത്രങ്ങൾ പ്രയോഗിക്കുന്നവർക്ക് അല്ലാഹു വിന്റെ മുമ്പിൽ നില്ക്കക്കള്ളിയുണ്ടാവുകയില്ലെന്ന് ഇതെല്ലാം വിളിച്ചോതുന്നു. അവർ അതിർലംഘിക്കു മ്പോൾ അല്ലാഹുവിന്റെ ആട്ടുകല്ല് പ്രവർത്തിക്കാൻ തുട ങ്ങുന്നു. ഈ ചെറിയ വെള്ളപ്പൊക്കവും ഭൂകമ്പവും പരമ്പരയായി ഈ വർഷം ലോകത്തുണ്ടായിരിക്കുക യാണ്. ഇതിൽനിന്ന് ജനങ്ങൾ പാഠം പഠിക്കണം. പാശ്ചാ ത്യരും പൗരസ്ത്യരും എല്ലാ മതക്കാരും മുസ്ലിംകളും മറ്റു മതവിശ്വാസികളും ഇക്കാര്യത്തെക്കുറിച്ച് ചിന്തി ക്കണം. അതിന്റെ കാരണമന്വേഷിക്കണം. അല്ലാഹു വിന്റെ കോപം ജ്വലിച്ചുയരാനുള്ള കാരണമെന്താണ്? ഇക്കാലത്ത് അല്ലാഹുവിലേക്ക് വിളിച്ച ആ വിളിയാളന്റെ വാക്കുകളിൽ ചിന്തിക്കുക. 'ഞാൻ വന്നിട്ടില്ലായിരുന്നു വെങ്കിൽ നാശങ്ങൾ വരുവാൻ താമസിക്കുമായിരുന്നു' എന്നാണ് ആ മഹാത്മാവ് പറഞ്ഞത്. ഈ നാശങ്ങളിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ ഈ ആഗതനായ വ്യക്തി യുടെ വാക്കുകളിൽ മുസ്ലിംകളും ക്രിസ്ത്യാനികളും മറ്റു മതക്കാരും നിർമതക്കാരും ചിന്തിക്കേണ്ടതായി വരും. അല്ലാഹുവിലേക്ക് ക്ഷണിച്ച ആ മഹാത്മാവിന്റെ പ്രഖ്യാപനത്തിലേക്ക് ചെവിയോർക്കുക.

'അല്ലയോ യൂറോപ്പേ, നീ രക്ഷയിലല്ല, അല്ലയോ ഏഷ്യാ നീയും സുരക്ഷിതമല്ല. അല്ലയോ ദ്വീപുകളിൽ വസിക്കുന്നവരേ നിങ്ങളാൽ നിർമ്മിക്കപ്പെട്ട ഒരു ദൈവവും നിങ്ങളെ സഹായിക്കുകയില്ല. നഗരങ്ങൾ മറി ഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനനിബിഢമായ സ്ഥലങ്ങൾ ജനശൂന്യങ്ങളായി ഭവിക്കുന്നത് ഞാൻ കാണുന്നു. ആ ഏകനും തനിച്ചുള്ളവനും ഒരുകാലം വരെ മൗനംപാലിച്ചു. തന്റെ കണ്മുമ്പിൽ വെറുക്കപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യപ്പെട്ടു. എന്നിട്ടും അവൻ നിശ്ശ ബ്ദത പാലിച്ചു. എന്നാൽ, ഇപ്പോൾ അവൻ ഗാംഭീര്യ ത്തോടെ തന്റെ ശക്തി കാണിക്കും. ചെവിയുള്ളവർ കേൾക്കട്ടെ ആ നേരം വിദൂരമല്ല. അല്ലാഹുവിന്റെ അഭ യത്തിനുകീഴെ എല്ലാവരേയും ഒരുമിച്ചുകൂട്ടാൻ ഞാൻ ശ്രമിച്ചു."

വീണ്ടും അദ്ദേഹം പറയുന്നു. അല്ലാഹു കോപമി റക്കുന്നതിൽ സാവധാനിയാണ്. അവൻ നിങ്ങളിൽ കരുണ ചെയ്യുവാൻ നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങുക. അല്ലാഹുവിനെ ഉപേക്ഷിക്കുന്നവൻ കീടമാണ്; അവൻ മനുഷ്യനല്ല. അവനെ ഭയപ്പെടാത്തവൻ മരിച്ചവനാണ്; ജീവനുള്ളവനല്ല.

ഈ സന്ദേശമാണ് ലോകത്തെ രക്ഷിക്കുന്നതി നുവേണ്ടി ഇന്ന് ഭൂലോകത്ത് ഓരോ അഹ്മദിയും പ്രച രിപ്പിക്കേണ്ടത്. നമുക്കും അല്ലാഹുവിനെ യഥാർത്ഥ ത്തിൽ തിരിച്ചറിയുവാൻ അവൻ സൗഭാഗ്യം നല്കുമാ റാകട്ടെ. ഏകനായ അല്ലാഹുവിന്റെ ശിക്ഷയ്ക്കുപകരം കാരുണ്യം ലഭിക്കുന്നവരായിത്തീരാൻ ലോകരും ആ ഏകനായ അല്ലാഹുവിനെ തിരിച്ചറിയുന്നവരാ യിത്തീരട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 24.8.2007 at Baithunnoor, Holland

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala